**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 757** **28-06-2022 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം പ്രതിസന്ധിയിലായവർക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്ന സമയത്തു ലോൺ അടക്കാതിരിക്കുകയും ആ കാലയളവിൽ ലോൺ എടുത്ത വ്യക്തി മരണപ്പെടുകയും റിസ്ക് ഫണ്ടിന് വേണ്ടി അപേക്ഷിക്കുകയും ചെയ്തപ്പോൾ ലോൺ കുടിശ്ശികയുണ്ടെന്ന കാരണത്താൽ നിരവധി അപേക്ഷകൾ നിരസിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപേക്ഷകർക്ക് റിസ്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | നിരസിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കരുനാഗപ്പള്ളി പോരുവഴി അമ്പലത്തുംഭാഗം കൊച്ചു തുള്ളിൽ വീട്ടിൽ സുനിൽ കുമാർ, ടിയാളുടെ ഭാര്യ അംബികലക്ഷ്മി എന്നിവർ സംസ്ഥാന സഹകരണ ബാങ്ക് ശാസ്താംകോട്ട ശാഖയിൽ നിന്നും എടുത്ത ലോണിന് റിസ്ക് ഫണ്ട് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ശാസ്താംകോട്ട ശാഖയിൽ നിന്നും വായ്പ എടുത്തിരുന്ന ശ്രീമതി. അംബികലക്ഷ്മിയുടെ റിസ്ക്ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ നാളിതുവരെ സർക്കാരിലോ, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലോ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് കേരള ബാങ്കിൽ ഒരു അപേക്ഷ ലഭിച്ചിരുന്നു. ടി വായ്പാക്കാരി മരണപ്പെടുന്ന സമയം വായ്പാതിരിച്ചടവിൽ മുതലിനത്തിൽ 6 മാസത്തിലധികരിച്ച് കുടിശ്ശിക ഉണ്ടായിരുന്നു എന്ന കാരണത്താൽ കേരള ബാങ്ക് സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അയച്ചിട്ടില്ല എന്നാണ് കേരള ബാങ്ക് അറിയിച്ചിട്ടുള്ളത്. വിഷയം പരിശോധിച്ച് ആവശ്യമായ മേൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ